# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1475

06-03-2017 ൽ മറുപടിയ്ക്ക്

## ദേശീയ ബയോഗ്യാസ് വികസന പദ്ധതി

**ചോദ്യം**
ശ്രീ.കെ. രാജൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേശീയ ബയോഗ്യാസ് വികസന പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ എത്ര ഫാമിലി ടൈപ്പ് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിൽ, 2014-15 വർഷം 111 പ്ലാന്റുകളും 2015-16 വർഷം 109 പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട് 2016-17 വർഷം നാളിതുവരെ 46 പ്ലാന്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്ലാന്റുകൾ ഫലപ്രദമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ബയോഗ്യാസ് പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള എല്ലാ ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തനക്ഷമവും പരാതികൾ ഒന്നും ലഭിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ കൃഷി ഓഫീസർമാർ സന്ദർശിച്ച് പ്രവർത്തന ക്ഷമത ഉറപ്പുവരുത്താറുണ്ട്. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ തുടങ്ങിയ ഉദ്യോഗസ്ഥരും പ്ലാന്റുകൾ ഫലപ്രദമാണോ എന്ന് വിലയിരുത്തുന്നതിന് ഇൻസ്പെക്ഷൻ നടത്താറുണ്ട്. കൂടാതെ കേന്ദ്രസംഘം, ഓഡിറ്റ് വിഭാഗം എന്നിവരും ബയോഗ്യാസ് പ്ലാന്റുകൾ ഇടയ്ക്കിടെ പരിശോധന നടത്തി പ്രവർത്തനക്ഷമത വിലയിരുത്താറുമുണ്ട്. |
| (സി) | ബയോഗ്യാസ് പ്ലാന്റുകൾ വ്യാപകമാക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ദേശീയ ബയോഗ്യാസ് പദ്ധതി പ്രകാരം ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകിവരുന്നുണ്ട്. സബ്സിഡി സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്. |

| പ്ലാന്റിന്റെ വലിപ്പം | സബ്സിഡി (രൂപ) | |
|---|---|---|
| | ജനറൽ | എസ്.സി |
| $1m^3$ | 5500/- | 7000/- |
| $2m^3$-$6m^3$ | 9000/- | 11000/- |

ടി സബ്സിഡി കാലതാമസം കൂടാതെ നൽകി വരുന്നു. ബയോഗ്യാസ് പ്ലാന്റുകൾ വ്യാപകമാക്കുന്നതിന് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതി വിശദാംശങ്ങൾ അടങ്ങിയ ലീഫ് ലെറ്റുകൾ എല്ലാ കൃഷി ഭവനുകൾ വഴിയും വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പോസ്റ്ററുകൾ വിവിധ പ്രദേശങ്ങളിൽ പതിപ്പിച്ചിട്ടുണ്ട്. ടി പദ്ധതി കൂടുതൽ വ്യാപകമാക്കുന്നതിന് ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന 'കേരള കർഷകൻ' മാസികയുടെ കവർ പേജിൽ വിവരങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്. മറ്റു പത്ര, ശ്രവണ, ദൃശ്യ മാധ്യമങ്ങൾ വഴിയും ആവശ്യമായ പ്രചാരണം നടത്തുന്നുണ്ട്. ബയോഗ്യാസ് ടേൺകീ ഏജൻസിഷിപ്പിന്റെ കീഴിൽ പരമാവധി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ